# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4255** **24.10.2016**-ൽ മറുപടിക്ക്

**ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതിയിൻ കീഴിലുള്ള പ്രതിമാസ ധനസഹായം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ. മുരളീധരൻ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി പ്രകാരം മരുന്ന് കഴിച്ചു കൊണ്ടിരിക്കുന്ന രോഗികൾക്ക് അനുവദിക്കുന്ന പ്രതിമാസ ധനസഹായം വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | Financial Assistance to TB Patients in indegnent circumstances എന്ന പദ്ധതിക്ക വേണ്ടി 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 11,50,000/- രൂപ 2210-06-101-42(NP) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി പ്രകാരം ക്ഷയരോഗം ചികിത്സിക്കുന്ന ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് വഴി പ്രതിമാസ പെൻഷൻ രോഗിക്ക് ചികിത്സാ കാലയളവിൽ നേരിട്ട് നൽകുന്നു. ഇതിനായി ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി നൽകുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് തിരിച്ചറിയൽ രേഖകളും ഡോക്ടറുടെ സർട്ടിഫിക്കറ്റും സഹിതം അപേക്ഷിച്ചാൽ തഹസിൽദാർ വഴി ധനസഹായം ലഭിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതി പ്രകാരം മരുന്ന് കഴിച്ചു കൊണ്ടിരിക്കുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായമായി എത്ര രൂപയാണ് നൽകാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ ധനസഹായം യഥാസമയം രോഗികൾക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കിയ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി പ്രകാരം, മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന ക്ഷയരോഗികൾക്ക് പ്രതിമാസം 1000/ രൂപ വീതം ചികിത്സാ കാലയളവിൽ റവന്യൂ വകുപ്പ് വഴി പെൻഷൻ നൽകുന്നുണ്ട്. പ്രസ്തുത പെൻഷന് നേരത്തേ അപേക്ഷിച്ചവർക്ക് പെൻഷൻ കൊടുത്തിട്ടുണ്ട്. പുതുതായി അപേക്ഷ കൊടുത്തിട്ടുള്ളവർക്ക് ധനസഹായം കിട്ടാനുണ്ട്. |

**സെക്ഷൻ ഓഫീസർ**